# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 10.05.2026** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് കർണാടകയും തെലങ്കാനയും സന്ദർശിക്കും; തെലങ്കാനയിൽ 9,400 കോടി രൂപയുടെ വിവിധ പദ്ധതികൾക്ക് തുടക്കമിടും.
   **PM Narendra Modi to visit Karnataka and Telangana today; PM will launch projects worth ₹9,400 crore in Telangana.**

2. കേരളത്തിൽ സർക്കാർ രൂപീകരണവുമായി ബന്ധപ്പെട്ട് കോൺഗ്രസ് സമിതി ന്യൂഡൽഹിയിൽ യോഗം ചേർന്നു; മുഖ്യമന്ത്രി പ്രഖ്യാപനം ഉടനുണ്ടാകുമെന്ന് സൂചന.
   **Congress Committee meets in New Delhi regarding government formation in Kerala; Announcement of Chief Minister expected soon.**

3. തമിഴ്നാട് മുഖ്യമന്ത്രിയായി ടി വി കെ അധ്യക്ഷൻ സി. ജോസഫ് വിജയ് ഇന്ന് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കും.
   **TVK Chief C. Joseph Vijay to be sworn in as the Chief Minister of Tamil Nadu today.**

4. രാജ്യത്തെ പ്രളയ-ഉഷ്ണതരംഗ സാഹചര്യം നേരിടാനുള്ള തയ്യാറെടുപ്പുകൾ വിലയിരുത്താൻ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ അധ്യക്ഷതയിൽ ഇന്ന് ന്യൂഡൽഹിയിൽ ഉന്നതതല യോഗം ചേരും.
   **Union Home Minister Amit Shah to chair a high-level meeting in New Delhi to review preparedness for floods and heatwaves.**

5. **കേരളത്തിൽ ബുധനാഴ്ച വരെ ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതായി കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം; കേരള ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.**

   **IMD forecasts heavy rain in Kerala until Wednesday; fishermen are advised to not to venture along Kerala and Lakshadweep coasts.**

6. **ഐപിഎൽ ക്രിക്കറ്റിൽ രാജസ്ഥാൻ റോയൽസിനെതിരെ ഗുജറാത്ത് ടൈറ്റൻസിന് 77 റൺസ് വിജയം.**

   **In IPL Cricket, Gujarat Titans secured a 77-run victory over Rajasthan Royals.**

**&&&&&&&&&&&&&&&&&&&&&&**

## PM - VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് കർണാടകയും തെലങ്കാനയും സന്ദർശിക്കും. രാവിലെ 11 മണിയോടെ ബെംഗളൂരുവിൽ നടക്കുന്ന ആർട്ട് ഓഫ് ലിവിങ്ങിന്റെ 45-ാം വാർഷികാഘോഷങ്ങളിൽ പ്രധാനമന്ത്രി പങ്കെടുക്കും. പരിപാടിയിൽ ശ്രീ മോദി സദസ്സിനെ അഭിസംബോധന ചെയ്യും. തുടർന്ന് ഹൈദരാബാദിലേക്ക് തിരിക്കുന്ന പ്രധാനമന്ത്രി, ഉച്ചകഴിഞ്ഞ് 3 മണിയോടെ 9,400 കോടി രൂപയുടെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും നിർവ്വഹിക്കും. ഹൈദരാബാദ്-പനാജി സാമ്പത്തിക ഇടനാഴിയുടെ ഭാഗമായുള്ള ഗുഡെബെല്ലൂർ മുതൽ മഹ്ബൂബ് നഗർ വരെയുള്ള ദേശീയ പാത-167 നാലുവരിയാക്കുന്ന പദ്ധതിയുടെ തറക്കല്ലിടൽ അദ്ദേഹം നിർവ്വഹിക്കും. പിഎം മിത്ര പദ്ധതിക്ക് കീഴിൽ വികസിപ്പിച്ച വാരങ്കലിലെ കാകതീയ മെഗാ ടെക്സ്റ്റൈൽ പാർക്കും അദ്ദേഹം രാഷ്ട്രത്തിന് സമർപ്പിക്കും. ഇതിനുപുറമെ, ഹൈദരാബാദിലെ അത്യാധുനിക ക്യാൻസർ ചികിത്സാ കേന്ദ്രമായ സിന്ധു ആശുപത്രിയുടെ ഉദ്ഘാടനവും പ്രധാനമന്ത്രി നിർവ്വഹിക്കും.

********************************

## CONG KERALA MEETING

കേരളത്തിലെ സർക്കാർ രൂപീകരണവുമായി ബന്ധപ്പെട്ട് കോൺഗ്രസ് ഉന്നതാധികാര സമിതി ഇന്നലെ ന്യൂഡൽഹിയിൽ യോഗം ചേർന്നു. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയുടെ വസതിയിൽ നടന്ന യോഗത്തിൽ മുതിർന്ന നേതാവ് രാഹുൽ ഗാന്ധി, കേരളത്തിന്റെ ചുമതലയുള്ള ജനറൽ സെക്രട്ടറി ദീപാ ദാസ് മുൻഷി, കെ.സി. വേണുഗോപാൽ എന്നിവരും കേരളത്തിൽ നിന്നുള്ള മുതിർന്ന നേതാക്കളായ രമേശ് ചെന്നിത്തല, വി.ഡി. സതീശൻ എന്നിവരും പങ്കെടുത്തു. പുതിയ കേരള മുഖ്യമന്ത്രിയെ സംബന്ധിച്ച അന്തിമ തീരുമാനം മല്ലികാർജുൻ ഖാർഗെയും രാഹുൽ ഗാന്ധിയും ചേർന്ന് കൈക്കൊള്ളുമെന്ന് പാർട്ടി അറിയിച്ചു. മുഖ്യമന്ത്രിയുടെ പേര് ഉടൻ പ്രഖ്യാപിക്കുമെന്നാണ് വിവരം.

***********************

## TN-SWEARING-IN (INTRO)

തമിഴ്നാട് മുഖ്യമന്ത്രിയായി തമിഴ്നാട് വെട്രി കഴകം അധ്യക്ഷൻ സി. ജോസഫ് വിജയ് ഇന്ന് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കും. ചെന്നൈ നെഹ്റു ഇൻഡോർ സ്റ്റേഡിയത്തിൽ രാവിലെ 10 മണിക്കാണ് സത്യപ്രതിജ്ഞാ ചടങ്ങുകൾ നടക്കുക. സംസ്ഥാന ഗവർണർ രജേന്ദ്ര വിശ്വനാഥ് അർലേക്കർ സത്യവാചകം ചൊല്ലിക്കൊടുക്കും.

**വിശദാംശങ്ങളിലേക്ക്....**

*(വോയ്സ്)*

*വിജയ്ക്കൊപ്പം ടിവികെയിൽ നിന്നുള്ള ഒമ്പത് മന്ത്രിമാരും ഇന്ന് സത്യപ്രതിജ്ഞ ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. 234 അംഗ സഭയിൽ 120 എംഎൽഎമാരുടെ പിന്തുണ ഉറപ്പാക്കിയതിനെത്തുടർന്ന് തമിഴ്നാട് ഗവർണർ രാജേന്ദ്ര*

*വിശ്വനാഥ് അർലേക്കർ വിജയിയെ മുഖ്യമന്ത്രിയായി നിയമിക്കുകയായിരുന്നു. രണ്ട് എംഎൽഎമാർ വീതമുള്ള വിസികെ, ഐയുഎംഎൽ എന്നീ പാർട്ടികളുടെ പിന്തുണാ കത്തുകൾ സമർപ്പിച്ചതിനെത്തുടർന്നാണ് അദ്ദേഹത്തെ മുഖ്യമന്ത്രിയായി നിശ്ചയിച്ചത്. സംസ്ഥാനത്ത് പുതിയ സർക്കാർ രൂപീകരിക്കാൻ ഗവർണർ വിജയിയെ ക്ഷണിച്ചതായി രാജ്ഭവൻ പത്രക്കുറിപ്പിൽ അറിയിച്ചു. 2026 മെയ് 13-നകം നിയമസഭയിൽ വിശ്വാസവോട്ട് തേടാനും ഗവർണർ നിയുക്ത മുഖ്യമന്ത്രിയോട് നിർദ്ദേശിച്ചിട്ടുണ്ട്.*

***ന്യൂസ് ഡെസ്ക് ആകാശവാണി....***

****************************

## PREZ - RANGASAMY

പുതുച്ചേരി മുഖ്യമന്ത്രിയായി എൻ രംഗസാമിയെ രാഷ്ട്രപതി ദ്രൗപതി മുർമു നിയമിച്ചു. ഈ മാസം 13 ന് അദ്ദേഹം മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യും. അഞ്ചാം തവണയാണ് ശ്രീ രംഗസാമി പുതുച്ചേരി മുഖ്യമന്ത്രിയാകുന്നത്. ഏപ്രിലിൽ നടന്ന തിരഞ്ഞെടുപ്പിൽ എഐഎൻആർസിയുടെ നേതൃത്വത്തിലുള്ള എൻഡിഎ മികച്ച വിജയം നേടിയിരുന്നു.

****************************

## ASSAM - OATH

അസമിൽ പുതിയ സർക്കാരിന്റെ സത്യപ്രതിജ്ഞ മറ്റന്നാൾ നടക്കും. ബി ജെ പി നേതൃത്വം നൽകുന്ന എൻ ഡി എ തുടർച്ചയായ മൂന്നാം തവണയാണ് ഇവിടെ അധികാരത്തിലെത്തുന്നത്. അതേസമയം അസമിൽ ബിജെപി നിയമസഭാ കക്ഷി നേതാവിനെ തിരഞ്ഞെടുക്കുന്നതിനായി പാർട്ടി എംഎൽഎമാരുടെ യോഗം ഇന്ന് ഗുവാഹത്തിയിൽ ചേരും. ഇന്ന് രാവിലെ 9 മണിക്ക് അടൽ ബിഹാരി വാജ്പേയി ഭവനിലാണ് പുതുതായി തിരഞ്ഞെടുക്കപ്പെട്ട എംഎൽഎമാർ ഒത്തുകൂടുന്നത്.

***********************

## JAISHANKAR-NELSON ISLAND

വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ ഇന്നലെ ട്രിനിഡാഡ് ആൻഡ് ടൊബാഗോയിലെ നെൽസൺ ദ്വീപ് സന്ദർശിച്ചു. ട്രിനിഡാഡ് ആൻഡ് ടൊബാഗോ പ്രധാനമന്ത്രി കമല പെർസാദ്-ബിസെസ്സർ അദ്ദേഹത്തെ അനുഗമിച്ചു. ഇന്ത്യയിൽ നിന്നുള്ള കരാർ തൊഴിലാളികളായ ഗിർമിറ്റിയാസ് ആദ്യമായി ട്രിനിഡാഡ് ആൻഡ് ടൊബാഗോയിൽ എത്തിയ സ്ഥലമാണ് നെൽസൺ ദ്വീപ്. ഇവരുമായി ബന്ധപ്പെട്ട പൈതൃകങ്ങൾ സംരക്ഷിക്കുന്നതിന് ലക്ഷ്യമിട്ട് ഇന്ത്യയുടെ സഹായത്തോടെ നെൽസൺ ദ്വീപിൽ ആരംഭിക്കുന്ന പദ്ധതിക്ക് ശ്രീ ജയശങ്കറും കമല പെർസാദ്-ബിസെസ്സറും സംയുക്തമായി തുടക്കം കുറിച്ചു.

***********************

## INTERNATIONAL MOTHER'S DAY

ഇന്ന് അന്താരാഷ്ട്ര മാതൃ ദിനം. എല്ലാ വർഷവും മെയ് മാസത്തിലെ രണ്ടാം ഞായറാഴ്ചയാണ് അന്താരാഷ്ട്ര മാതൃ ദിനമായി ആചരിക്കുന്നത്. തങ്ങളുടെ കുട്ടികളുടെ ക്ഷേമത്തിനായി ഉറക്കമില്ലാത്ത രാത്രികളും, കഠിനാധ്വാനം ചെയ്യുന്ന പകലുകളും നീക്കിവയ്ക്കുന്ന എല്ലാ അമ്മമാരെയും ആദരിക്കുന്നതിനു ദിനാചരണം ലക്ഷ്യമിടുന്നു. ആഭ്യന്തര യുദ്ധങ്ങളിൽ പരിക്കേറ്റവരെ പാലിക്കുന്നതിനായി സേവനം നൽകിയ അന്നാ ജാർവിസ് എന്ന സമാധാന സംരക്ഷക, തന്റെ അമ്മയ്ക്കായി പ്രത്യേക സ്മാരകം തീർത്ത 1908 മുതലാണ് അന്താരാഷ്ട്രമാതൃദിന ആചരണം ആരംഭിച്ചത്.

***********************

## WEATHER - KERALA (INTRO)

കേരളത്തിൽ ബുധനാഴ്ച വരെ ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതായി കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം.

വിശദാംശങ്ങളിലേക്ക്.............

*(വോയിസ്)*

*മന്നാർ ഉൾക്കടലിനും ശ്രീലങ്കയ്ക്കും മുകളിലായി നിലനിൽക്കുന്ന ചക്രവാതച്ചുഴിയുടെ സ്വാധീനത്താൽ, മെയ് പതിനൊന്നോടെ തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ ഒരു പുതിയ ന്യൂനമർദം രൂപപ്പെടാൻ സാധ്യതയുണ്ട്. ഇതിന് പുറമെ, തെക്കുപടിഞ്ഞാറൻ അറബിക്കടലിനും ലക്ഷദ്വീപിനും കേരള തീരത്തിനും മുകളിലായി മറ്റൊരു ചക്രവാതച്ചുഴിയും നിലനിൽക്കുന്നുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരള - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നും നിർദ്ദേശമുണ്ട്.*

*ന്യൂസ് ഡെസ്ക് ആകാശവാണി...*

***********************

## HM-REVIEW MEETING

രാജ്യത്തെ പ്രളയ-ഉഷ്ണതരംഗ സാഹചര്യം നേരിടാനുള്ള തയ്യാറെടുപ്പുകൾ വിലയിരുത്തുന്നതിനായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ അധ്യക്ഷതയിൽ ഇന്ന് ന്യൂഡൽഹിയിൽ ഉന്നതതല യോഗം ചേരും. കേന്ദ്ര ഏജൻസികളുടെ തയ്യാറെടുപ്പുകൾ, മുന്നറിയിപ്പ് സംവിധാനങ്ങൾ, വിഭവങ്ങളുടെ വിന്യാസം, ഏജൻസികൾ തമ്മിലുള്ള ഏകോപനം എന്നിവ മന്ത്രി യോഗത്തിൽ വിലയിരുത്തും.

***********************

## CENTRE-CONTRACTUAL

വിവിധ മന്ത്രാലയങ്ങൾ, വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ ഭാഗമായ ഔട്സോഴ്സ്-കരാർ ജീവനക്കാർക്ക് കൂടുതൽ സംരക്ഷണം ലഭ്യമാക്കാൻ ഉതകുന്ന നടപടികളുമായി കേന്ദ്ര സർക്കാർ. തൊഴിൽ ചട്ടം 2019-സെക്ഷൻ 17(1) അനുസരിച്ച് പ്രതിദിന വേതനം ഷിഫ്റ്റ് അവസാനിക്കുമ്പോഴും, പ്രതി വാര വേതനം ആഴ്ചയിലെ അവധി ദിനത്തിന് മുൻപും, പ്രതിമാസ വേതനം അടുത്തമാസത്തെ ആദ്യ ഏഴു ദിവസത്തിന് ഉള്ളിലും ലഭ്യമാക്കണമെന്നും സർക്കാർ വ്യക്തമാക്കി. സമയബന്ധിതമായി വേതനം ലഭ്യമാക്കാത്ത സാഹചര്യങ്ങളിൽ പിഴ ഈടാക്കാൻ കരാറുകളിൽ വ്യവസ്ഥ വേണമെന്നും കേന്ദ്രസർക്കാർ നിർദേശങ്ങളിൽ പറയുന്നു.

**********************

# IPL RESULT

ഐപിഎൽ ക്രിക്കറ്റിൽ ഇന്നലെ നടന്ന മത്സരത്തിൽ രാജസ്ഥാൻ റോയൽസിനെതിരെ ഗുജറാത്ത് ടൈറ്റൻസിന് 77 റൺസിന്റെ തകർപ്പൻ വിജയം. ഗുജറാത്ത് ഉയർത്തിയ 230 റൺസ് എന്ന ലക്ഷ്യം പിന്തുടർന്ന രാജസ്ഥാൻ റോയൽസിന് 16.3 ഓവറിൽ 152 റൺസ് എടുക്കുന്നതിനിടെ മുഴുവൻ വിക്കറ്റുകളും നഷ്ടമായി. ഇന്ന് രണ്ട് മത്സരങ്ങളാണ് ഉള്ളത്. ഉച്ചകഴിഞ്ഞ് 3.30-ന് ചെന്നൈയിലെ എം.എ. ചിദംബരം സ്റ്റേഡിയത്തിൽ നടക്കുന്ന ആദ്യ മത്സരത്തിൽ ചെന്നൈ സൂപ്പർ കിംഗ്സ്-ലഖ്നൗ സൂപ്പർ ജയന്റ്സിനെ നേരിടും. രാത്രി 7.30-ന് റായ്പൂരിൽ നടക്കുന്ന രണ്ടാം മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു-മുംബൈ ഇന്ത്യൻസുമായി ഏറ്റുമുട്ടും.

**********************

# INDIAN U-15 IN ASIAN BOXING

താഷ്കന്റിൽ നടക്കുന്ന അണ്ടർ 15, അണ്ടർ 17 ഏഷ്യൻ ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യ മികച്ച പ്രകടനം കാഴ്ചവച്ചു.

ഇന്നലെ നടന്ന അണ്ടർ 15 പെൺകുട്ടികളുടെ വിഭാഗം സെമിഫൈനൽ വിജയിച്ച് ഒമ്പത് ബോക്സർമാർ ഫൈനലിലേക്ക് പ്രവേശിച്ചു.

**********************

ലോകപ്രശസ്തമായ സോമനാഥ് ക്ഷേത്രം, അതിന്റെ പുനർനിർമ്മാണത്തിന്റെ എഴുപത്തിയഞ്ചാം വാർഷികം ആഘോഷിക്കുന്നു. 'സോമനാഥ് അമൃത് പർവ്' ആഘോഷങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും. തീർത്ഥാടന കേന്ദ്രം എന്നതിലുപരി പരിസ്ഥിതി സംരക്ഷണത്തിൽ ഇന്ത്യയിലെ ആദ്യത്തെ 'നെറ്റ്-സീറോ' ക്ഷേത്രമായി മാറുകയാണ് സോമനാഥ്. "മിഷൻ ലൈഫ്" പദ്ധതിയുടെ ഭാഗമായി ക്ഷേത്രത്തിലെ പൂക്കളിൽ നിന്നുള്ള അവശിഷ്ടങ്ങൾ കമ്പോസ്റ്റായും പ്ലാസ്റ്റിക് മാലിന്യങ്ങൾ പേവർ ബ്ലോക്കുകളായും ഇവിടെ മാറ്റുന്നു. കൂടാതെ, അത്യാധുനിക മലിനജല സംസ്കരണ പ്ലാന്റുകൾ, മഴവെള്ള സംഭരണ സംവിധാനങ്ങൾ, മിയാവാക്കി വനങ്ങൾ എന്നിവയിലൂടെ കാർബൺ ബഹിർഗമനം പൂർണ്ണമായും ഇല്ലാതാക്കാനാണ് ട്രസ്റ്റ് ലക്ഷ്യമിടുന്നത്.

**********************

## TRIPURA-BSF BORDER CLASH

ത്രിപുരയിലെ സിപാഹിജാല ജില്ലയിൽ ഇന്ത്യ-ബംഗ്ലാദേശ് രാജ്യാന്തര അതിർത്തിയിലുണ്ടായ സംഘർഷത്തിൽ മൂന്ന് ബംഗ്ലാദേശ് സ്വദേശികൾ കൊല്ലപ്പെട്ടു. 23 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. വെള്ളിയാഴ്ച രാത്രി പതാരിയാദർ അതിർത്തിയിലെ 101-ാം നമ്പർ ഗേറ്റിന് സമീപമാണ് സംഭവം. മത്സ്യക്കുഞ്ഞുങ്ങളെ കടത്താനായി ഇന്ത്യൻ അതിർത്തിയിലേക്ക് അതിക്രമിച്ചു കയറിയ കള്ളക്കടത്തു സംഘത്തെ ബിഎസ്എഫ് പട്രോളിംഗ് സംഘം തടഞ്ഞതോടെയാണ് സംഘർഷം ആരംഭിച്ചത്. കീഴടങ്ങാനുള്ള ബിഎസ്എഫിന്റെ നിർദ്ദേശം അവഗണിച്ച സംഘം സുരക്ഷാ

സേനയ്ക്ക് നേരെ കല്ലേറിയുകയും അക്രമം അഴിച്ചുവിടുകയും ചെയ്തു. സ്ഥിതിഗതികൾ നിയന്ത്രണാതീതമായതോടെ ബിഎസ്എഫ് വെടിയുതിർക്കുകയായിരുന്നു.

*

***********

***********************************